# ഖുർആൻ ബോധനം

എ.വൈ.ആർ



സൂറ-14

# ഇബ്റാഹീം

رَبَّنَآ إِنَّكَ تَعْلَمُ مَا نُخْفِى وَمَا نُعْلِنُ ۗ وَمَا يَخْفَىٰ عَلَى ٱللَّهِ مِن شَىْءٍ فِى
ٱلْأَرْضِ وَلَا فِى ٱلسَّمَآءِ ﴿٣٨﴾
ٱلْحَمْدُ لِلَّهِ ٱلَّذِى وَهَبَ لِى عَلَى ٱلْكِبَرِ إِسْمَٰعِيلَ وَإِسْحَٰقَ ۚ
إِنَّ رَبِّى لَسَمِيعُ ٱلدُّعَآءِ ﴿٣٩﴾
رَبِّ ٱجْعَلْنِى مُقِيمَ ٱلصَّلَوٰةِ وَمِن ذُرِّيَّتِى ۚ رَبَّنَا وَتَقَبَّلْ دُعَآءِ ﴿٤٠﴾
رَبَّنَا ٱغْفِرْ لِى وَلِوَٰلِدَىَّ وَلِلْمُؤْمِنِينَ يَوْمَ يَقُومُ ٱلْحِسَابُ ﴿٤١﴾
وَلَا تَحْسَبَنَّ ٱللَّهَ غَٰفِلًا عَمَّا يَعْمَلُ ٱلظَّٰلِمُونَ ۚ إِنَّمَا يُؤَخِّرُهُمْ لِيَوْمٍ
تَشْخَصُ فِيهِ ٱلْأَبْصَٰرُ ﴿٤٢﴾
مُهْطِعِينَ مُقْنِعِى رُءُوسِهِمْ لَا يَرْتَدُّ إِلَيْهِمْ طَرْفُهُمْ ۖ وَأَفْـِٔدَتُهُمْ هَوَآءٌ ﴿٤٣﴾
وَأَنذِرِ ٱلنَّاسَ يَوْمَ يَأْتِيهِمُ ٱلْعَذَابُ فَيَقُولُ ٱلَّذِينَ ظَلَمُوا۟ رَبَّنَآ أَخِّرْنَآ إِلَىٰٓ
أَجَلٍ قَرِيبٍ نُّجِبْ دَعْوَتَكَ وَنَتَّبِعِ ٱلرُّسُلَ ۗ أَوَلَمْ تَكُونُوٓا۟ أَقْسَمْتُم مِّن قَبْلُ
مَا لَكُم مِّن زَوَالٍ ﴿٤٤﴾

**38** നാഥാ, ഞങ്ങൾ ഒളിച്ചു വെക്കുന്നതും വെളിപ്പെടുത്തുന്നതും നീ അറിയുന്നു. അല്ലാഹുവിൽ നിന്നു മറഞ്ഞതായി യാതൊന്നുമില്ലല്ലോ; ഭൂമിയിലുമില്ല, ആകാശത്തുമില്ല.

**39** ഈ വാർധക്യകാലത്ത് എനിക്ക് ഇസ്മാഈലിനെയും ഇസ്ഹാഖിനെയും പുത്രന്മാരായി പ്രദാനം ചെയ്ത അല്ലാഹുവിന് സർവസ്തുതിയും. എന്റെ നാഥൻ പ്രാർഥന കേൾക്കുന്നവൻ തന്നെയാകുന്നു.

**40** നാഥാ, എന്നെ മുറപ്രകാരം നമസ്കാരമനുഷ്ടിക്കുന്നവനാക്കേണമേ, എന്റെ സന്തതികളെയും അപ്രകാരമാക്കേണമേ. നാഥാ എന്റെ പ്രാർഥനകൾ സ്വീകരിക്കേണമേ.

**41** നാഥാ, വിചാരണ നടക്കുന്ന നാളിൽ എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കൊക്കെയും നീ പാപമോചനമരുളേണമേ!!

**42** അക്രമികൾ ചെയ്തുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് അല്ലാഹു അശ്രദ്ധനാണെന്നു ധരിച്ചുപോകരുത്. അവൻ അവരെ പിന്തിക്കുന്നത് കണ്ണുകൾ തുറിച്ചുപോകുന്ന ഒരു ദിവസത്തിലേക്കു മാത്രമാകുന്നു.

**43** അന്നവർ പേടിച്ചരണ്ട് തലപൊക്കിപ്പിടിച്ചു പാഞ്ഞുവരും. തുറിച്ച കണ്ണുകൾ പൂർവസ്ഥിതിയിലേക്കു മടങ്ങുകയേയില്ല. അപ്പോൾ അവരുടെ ഹൃദയങ്ങളാവട്ടെ ശൂന്യമായിരിക്കും.

**44** ദൈവശിക്ഷയെത്തുന്ന നാളിനെക്കുറിച്ച് പ്രവാചകൻ ജനങ്ങൾക്ക് മുന്നറിയിപ്പു നൽകുക. അധർമികളായി വാണവർ അന്നാളിൽ കേഴും; നാഥാ, ഞങ്ങൾക്ക് ഒരൽപം കൂടി അവസരം തരേണമേ! ഞങ്ങൾ നിന്റെ ക്ഷണം സ്വീകരിച്ചുകൊള്ളാം. ദൈവദൂതന്മാരെ അനുസരിക്കുകയും ചെയ്യാം; പ്രതികരണമുണ്ടാകുന്നു: 'ഞങ്ങൾക്ക് ഒരു നാശവും സംഭവിക്കാനില്ല' എന്ന് ഇതിനു മുമ്പ് സത്യം ചെയ്തവരല്ലേ നിങ്ങൾ?

رَبَّنَآ= ഞങ്ങളുടെ നാഥാ إِنَّكَ= തീർച്ചയായും നീ تَعْلَمُ= നീ അറിയുന്നു مَا نُخْفِى= ഞങ്ങൾ ഒളിച്ചുവെക്കുന്നത്
وَمَا نُعْلِنُ= ഞങ്ങൾ വെളിപ്പെടുത്തുന്നതും وَمَا يَخْفَىٰ= മറയുന്നില്ല(മറഞ്ഞതായി ഇല്ലല്ലോ)

ആകാശത്തുമില്ല وَلَا فِي ٱلسَّمَآءِ= ഭൂമിയിൽ فِي ٱلْأَرْضِ= യാതൊന്നും مِن شَيْءٍ= അല്ലാഹുവി(ൽനിന്ന്) ന്റെ മേൽ عَلَى ٱللَّهِ=

എനിക്കു(പുത്രന്മാരായി) പ്രദാനം ചെയ്തവനായ ٱلَّذِي وَهَبَ لِي= (സർവ) സ്തുതിയും അല്ലാഹുവിന്ന് ٱلْحَمْدُ لِلَّهِ=

ഇസ്മാഈലിനെയും ഇസ്ഹാഖിനെയും إِسْمَٰعِيلَ وَإِسْحَٰقَ= വാർധക്യത്തിന്മേൽ(ഈ വാർധക്യ കാലത്ത്) عَلَى ٱلْكِبَرِ=

പ്രാർഥന കേൾക്കുന്നവൻ തന്നെയാകുന്നു لَسَمِيعُ ٱلدُّعَآءِ തീർച്ചയായും എന്റെ നാഥൻ إِنَّ رَبِّي=

നമസ്കാരം മുറപ്രകാരം നിലനിർത്തുന്നവൻ مُقِيمَ ٱلصَّلَوٰةِ= എന്റെ നാഥാ എന്നെ നീ ആക്കേണമേ رَبِّ ٱجْعَلْنِي=

എന്റെ സന്തതികളിൽനിന്നും(കളെയും അപ്രകാരം ആക്കേണമേ) وَمِن ذُرِّيَّتِي=

എന്റെ പ്രാർഥന دُعَآءِ= ഞങ്ങളുടെ നാഥാ നീ സ്വീകരിക്കേണമേ رَبَّنَا وَتَقَبَّلْ=

എന്റെ മാതാപിതാക്കൾക്കും وَلِوَٰلِدَيَّ= ഞങ്ങളുടെ നാഥാ, എനിക്ക് പാപമോചനമരുളേണമേ رَبَّنَا ٱغْفِرْ لِي=

വിചാരണ നിൽക്കുന്ന(നടക്കുന്ന)നാളിൽ يَوْمَ يَقُومُ ٱلْحِسَابُ= സത്യവിശ്വാസികൾ(ക്ക് ഒക്കെയും)ക്കും وَلِلْمُؤْمِنِينَ=

അശ്രദ്ധൻ, അജ്ഞൻ ആണെന്ന് غَٰفِلًا= തീർച്ചയായും അല്ലാഹുവിനെക്കുറിച്ച് നീ ധരിച്ചുപോകരുത് وَلَا تَحْسَبَنَّ ٱللَّهَ=

അക്രമികൾ, അധർമികൾ ٱلظَّٰلِمُونَ= ചെയ്തുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് عَمَّا يَعْمَلُ=

ഒരു ദിവസത്തിലേക്ക് മാത്രമാകുന്നു لِيَوْمٍ= അവൻ അവരെ പിന്തിക്കുന്നത് إِنَّمَا يُؤَخِّرُهُمْ=

കണ്ണുകൾ ٱلْأَبْصَٰرُ= ആ ദിവസത്തിൽ തുറിച്ചു പോകുന്നു تَشْخَصُ فِيهِ=

അവരുടെ തല ഉയർത്തിപ്പിടിച്ച(ുകൊണ്ട്)വരായി مُقْنِعِي رُءُوسِهِمْ= (അന്ന് പേടിച്ചരണ്ട്) അവർ പാഞ്ഞ് വരു(ം)ന്നവരായിട്ട് مُهْطِعِينَ=

അവരുടെ കണ്ണ് طَرْفُهُمْ= അവരിലേക്ക് മടങ്ങുകയില്ല(പൂർവ സ്ഥിതിയിലാവുകയില്ല) لَا يَرْتَدُّ إِلَيْهِمْ=

ശൂന്യം, പൊള്ളയാകുന്നു هَوَآءٌ= (അപ്പോൾ)അവരുടെ മനസ്സുകൾ(ആവട്ടെ) وَأَفْـِٔدَتُهُمْ=

(ആ) ദിവസത്തെ(കുറിച്ച്) يَوْمَ= ജനങ്ങൾക്ക് ٱلنَّاسَ= നീ(പ്രവാചകൻ) മുന്നറിയിപ്പു നൽകുക وَأَنذِرِ=

(അന്നാളിൽ) അക്രമികളായവ(യിവാണവ)ർ പറയും فَيَقُولُ ٱلَّذِينَ ظَلَمُوا۟= അവർക്ക് ദൈവശിക്ഷ വന്നെത്തുന്നു يَأْتِيهِمُ ٱلْعَذَابُ=

നാഥാ, ഞങ്ങളെ പിന്തിക്കേണമേ(ഞങ്ങൾക്ക് തരേണമേ) رَبَّنَآ أَخِّرْنَآ=

ഞങ്ങൾ ഉത്തരം നൽകാം, സ്വീകരിക്കാം نُّجِبْ= അടുത്ത ഒരവധിയിലേക്ക്(ഒരൽപം കൂടി അവസരം) إِلَىٰٓ أَجَلٍ قَرِيبٍ=

ദൈവദൂതന്മാരെ ٱلرُّسُلَ= പിന്തുടരുകയും, അനുസരിക്കുകയും ചെയ്യാം وَنَتَّبِعِ= നിന്റെ ക്ഷണ(ം)ത്തിന് دَعْوَتَكَ=

നിങ്ങൾ സത്യം ചെയ്തു(യ്തവർ) أَقْسَمْتُم= (പ്രതികരണമുണ്ടാകുന്നു) നിങ്ങൾ(അല്ലേ) ആയിട്ടില്ലെയോ أَوَلَمْ تَكُونُوٓا۟=

യാതൊരു നീക്ക(നാശ)വും مِّن زَوَالٍ= നിങ്ങൾക്ക് ഇല്ല(സംഭവിക്കുകയില്ല) مَا لَكُم= (ഇതിന്)മുമ്പ് مِّن قَبْلُ=

**38:** ഈ സൂക്തത്തിന്റെ رَبَّنَآ ...... وَمَا نُعْلِنُ എന്ന ആദ്യ ഖണ്ഡം ഇബ്റാഹീം നബിയുടെ പ്രാർഥനയുടെ ഭാഗവും وَمَا يَخْفَىٰ ...... فِى ٱلسَّمَآءِ എന്ന രണ്ടാം ഖണ്ഡം അതിനോടനുബന്ധിച്ച് അല്ലാഹു അരുൾ ചെയ്യുന്നതുമാണ് എന്ന് ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. ആശയ വിനിമയ വേളയിൽ മനുഷ്യർ പലപ്പോഴും അഭിമുഖീകരിക്കുന്ന സങ്കീർണമായ പ്രശ്നമാണ് മനസ്സിലുള്ളത് അതേ ഗൗരവത്തോടെ, വികാരത്തോടെ, ആശയ സ്പഷ്ടതയോടെ വാക്കുകളിലവതരിപ്പിക്കാൻ കഴിയാതിരിക്കുക എന്നത്. ചിലപ്പോൾ ഒരാൾക്ക് രണ്ടുമണിക്കൂറുകൊണ്ട് പറഞ്ഞു തീർക്കാൻ കഴിയാത്തകാര്യം മറ്റു ചിലർ അതിനെക്കാൾ ശക്തവും വ്യക്തവുമായ രൂപത്തിൽ രണ്ടു മിനിറ്റുകൊണ്ടു പറഞ്ഞു തീർത്തെന്നുവരും. അത്തരം ആളുകൾക്കുപോലും ചില പ്രത്യേക സന്ദർഭത്തിൽ ഉദ്ദേശിച്ച കാര്യം ഉദ്ദേശിച്ച വിധം പറയാൻ കഴിയാതെയും വരും. ഈ പ്രാർഥനാ വേളയിൽ ഇബ്റാഹീം നബിയുടെ മനസ്സ് ഒരു വശത്ത്, ആറ്റുനോറ്റുണ്ടായ ആദ്യ പുത്രനെയും അവന്റെ മാതാവിനെയും, കുടിക്കാൻ വെള്ളവും തിന്നാൻ ഭക്ഷണവുമില്ലാത്ത വിജനമായ തരിശുഭൂമിയിൽ ഉപേക്ഷിച്ചു പോരുന്ന പിതാവിലുണരുന്ന തീവ്രവികാരങ്ങളും മറുവശത്ത് അല്ലാഹുവിനോടുള്ള നിഷ്കളങ്കവും നിരുപാധികവുമായ വിശ്വാസവും വിധേയത്വവും തിങ്ങിവിങ്ങി കൊണ്ട് വീർപ്പു മുട്ടുകയായിരുന്നു. ആ സന്ദർഭത്തിൽ അദ്ദേഹം പലതും പറയാനാഗ്രഹിച്ചിട്ടുണ്ടാകും. പക്ഷേ, വാക്കുകൾ നാവിൽ വന്നില്ല. ചിലപ്പോൾ വാക്കുകൾ നാവിൻ തുമ്പിൽ വന്നാലും അതു മൊഴിയാൻ എന്തെന്നറിയാത്ത തടസമനുഭവപ്പെടുന്നു. ഈ അവസ്ഥകളെയെല്ലാം സൂചിപ്പിക്കുന്നതാണീ വചനം. ഞാൻ പറഞ്ഞതും പറയാതെ മനസ്സിൽ ഒളിഞ്ഞിരിക്കുന്നതും ഒരു പോലെ അറിയുന്നവനാണല്ലോ നാഥാ നീ. എന്റെ യഥാർഥ ആഗ്രഹങ്ങളും ആവശ്യങ്ങളും എന്നെക്കാൾ നിനക്കാണറിയുക. അതൊക്കെയും നീ പൂർത്തീകരിച്ചുതരണം.

**39:** നേരത്തെ അല്ലാഹു തന്റെ പ്രാർഥനകൾ കേട്ട് നൽകിയ മഹത്തായ അനുഗ്രഹങ്ങളെ ഒരു ശിപാർശയെന്നോണം അനുസ്മരിക്കുകയാണിവിടെ. അതായത്, വയസ്സുകാലത്ത് എനിക്ക് ഇസ്മാഈലിനെയും ഇസ്ഹാഖിനെയും പ്രദാനം ചെയ്ത, സർവ സ്തുതിക്കും അർഹനായ രക്ഷിതാവാണല്ലോ നീ. അതുപോലെ എന്റെ ഈ പ്രാർഥനയും നീ സ്വീകരിക്കുമെന്ന്

ഞാനാശിക്കുന്നു. എന്റെ നാഥൻ എന്റെ പ്രാർഥനകൾ നിരസിക്കാറില്ലല്ലോ.

**40:** ഇസ്മാഈലിനെയും മാതാവിനെയും മക്കയിൽ പാർപ്പിച്ചതിന്റെ ലക്ഷ്യമായി നേരത്തെ പറഞ്ഞ നമസ്കാരം നിലനിർത്തൽ അനുസ്മരിച്ചുകൊണ്ട് ആ ലക്ഷ്യം പൂർത്തീകരിക്കാൻ ഉതവിയരുളണമെന്ന് ഒരിക്കൽ കൂടി പ്രാർഥിക്കുകയാണിവിടെ.

**41:** അവസാനമായി അദ്ദേഹം തന്റെ മാതാപിതാക്കൾക്കും വിശ്വാസികളായ എല്ലാവർക്കും പാപമോചനം തേടുകയാണ്. ഇബ്റാഹീം നബിയുടെ പിതാവിനെ ഖുർആൻ പല സന്ദർഭങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. അയാൾ കടുത്ത സത്യനിഷേധിയായിരുന്നു. ഇബ്റാഹീം(അ) നാട്ടിൽനിന്ന് പലായനം ചെയ്യുമ്പോൾ പിതാവിന്റെ പാപപരിഹാരാർഥം താൻ പ്രാർഥിക്കാമെന്ന് വാഗ്ദത്തം ചെയ്തിരുന്നു. വാഗ്ദത്ത പാലനത്തിന്റെ ഭാഗമായി, പിതാവ് മുരത്ത കാഫിറും മുശ്രിക്കുമായിരുന്നിട്ടും ഇബ്റാഹീം(അ) പിതാവിന്നു വേണ്ടി അല്ലാഹുവിനോടു പ്രാർഥിച്ചുകൊണ്ടിരുന്നു. പിന്നീട് അല്ലാഹു അദ്ദേഹത്തെ അതിൽനിന്നു വിലക്കി. ഇവിടെ ഉദ്ധരിച്ച പ്രാർഥന ഈ വിലക്ക് വരുന്നതിനു മുമ്പായിരിക്കണം.

ഈ പ്രാർഥനയിൽ ربّنا–ربّ എന്ന് ഏഴുവട്ടം ആവർത്തിച്ചതായി കാണാം. ആവർത്തനം പ്രാർഥനയുടെ അനിവാര്യസ്വഭാവങ്ങളിൽ പെട്ടതാണ്. വണക്കവും ആശ്രിതത്വവും ആവലാതിയും, അഭയത്തിലും സഹായത്തിലുമുള്ള പ്രതീക്ഷയുമാണ് പ്രാർഥനയുടെ സാരാംശം. പ്രാർഥിക്കപ്പെടുന്നവനെ ആവർത്തിച്ചു വിളിച്ചുകൊണ്ടിരിക്കുക അതിന്റെയെല്ലാം താൽപര്യമാകുന്നു.

പ്രാർഥി എന്റെ നാഥാ -ربّي- എന്നു സംബോധന ചെയ്യുമ്പോഴൊക്കെ അല്ലാഹുവിനോടുള്ള തന്റെ വിധേയത്വത്തെയും ആശ്രയത്തെയും അവൻ തനിക്ക് അരുളിയിട്ടുള്ളതായി താനറിയുന്ന സവിശേഷമായ ദയാ ദാക്ഷിണ്യത്തെയും തന്റെ പ്രാർഥന സ്വീകരിക്കാനുള്ള ഒരു മാധ്യമമാക്കുകയാണ്. ഞങ്ങളുടെ നാഥാ -ربّنا- എന്നു സംബോധന ചെയ്യുമ്പോൾ എല്ലാ സൃഷ്ടികളും അനുഭവിച്ചുകൊണ്ടിരിക്കുന്ന, അവന്റെ ഔദാര്യത്തെയാണ് മാധ്യമമാക്കുന്നത്. അതായത് നീ എന്നെ/ഞങ്ങളെ കാരുണ്യത്തോടെ രക്ഷിച്ചു പോരുന്ന രക്ഷാധികാരിയും ഞാൻ/ഞങ്ങൾ നിന്റെ ആശ്രിതരും വിനീത വിധേയ ദാസന്മാരുമായതിനാൽ ഈ പ്രാർഥന കേൾക്കാനും സഫലമാക്കിത്തരാനും ഞങ്ങൾക്ക് നീ മാത്രമേയുള്ളൂ.

**42,43:** ഇവിടം മുതൽ സൂറ അതിന്റെ സമാപനത്തോടടുക്കുകയാണ്. മുകളിൽ ഉദ്ധരിച്ച, ഇബ്റാഹീം നബിയുടെ പ്രാർഥനയുടെ പശ്ചാത്തലത്തിൽ പ്രവാചകനെയും മുസ്‌ലിംകളെയും സാന്ത്വനപ്പെടുത്തുകയും അവരിൽ ആത്മവിശ്വാസവും സ്ഥൈര്യവും വളർത്തുകയുമാണീ സൂക്തങ്ങൾ.

ഇബ്റാഹീം നബി അല്ലാഹുവിന്റെ നിർദേശ പ്രകാരം അവന്നു മാത്രം ഇബാദത്ത് ചെയ്യുന്നതിനുവേണ്ടി നിർമിച്ച ദൈവിക ഗേഹമാണ് കഅ്ബ. അല്ലാഹുവിനു മാത്രം ഇബാദത്തു ചെയ്യുന്ന ഒരു നാടും ജനതയും ഉണ്ടാകുന്നതിനു വേണ്ടിയാണ് അദ്ദേഹം സ്വന്തം മകനെയും അവന്റെ മാതാവിനെയും കൃഷിയോഗ്യമല്ലാത്ത മക്കയിൽ കൊണ്ടുവന്നു താമസിപ്പിച്ചത്. എന്നിട്ടിപ്പോൾ ആ കഅ്ബയിൽ നൂറുകണക്കിൽ വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ ഭവനത്തിൽ അല്ലാഹുവിനെ വെടിഞ്ഞ് വ്യാജദൈവങ്ങൾ ആരാധിക്കപ്പെടുക. ഏകദൈവ വിശ്വാസവും ആരാധനയും പ്രബോധനം ചെയ്യുന്ന പ്രവാചകനും കൂട്ടുകാരും നിഷ്കരുണം നിഷേധിക്കപ്പെടുകയും മർദിക്കപ്പെടുകയും ചെയ്യുന്നു. അതൊക്കെ ചെയ്യുന്നവരാകട്ടെ, സുഖത്തിലും സമൃദ്ധിയിലും ആറാടി വാഴുന്നു. ഇത്രയൊക്കെയായിട്ടും അല്ലാഹു ഇവർക്കെതിരിൽ ശിക്ഷാ നടപടികളൊന്നും കൈക്കൊള്ളാത്തതെന്തുകൊണ്ടാണെന്ന് ചിലരെങ്കിലും ചിന്തിച്ചിരുന്നു. അത്തരക്കാരെ ആശ്വസിപ്പിക്കുകയാണ്.

അക്രമികളുടെയും അധർമികളുടെയും സ്വൈരവിഹാരം കണ്ട്, അവരുടെ കുചേഷ്ടിതങ്ങളൊന്നും അല്ലാഹു അറിയുന്നില്ലെന്നോ ശ്രദ്ധിക്കുന്നില്ലെന്നോ വിചാരിക്കരുത്. അവൻ എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ, ആളുകൾ തെറ്റുകുറ്റങ്ങൾ ചെയ്താൽ ഉടനടി പിടിച്ചു ശിക്ഷിക്കുക അല്ലാഹുവിന്റെ രീതിയല്ല. അവൻ തെറ്റുകൾ തിരുത്താനും സ്വയം സംസ്കരിക്കാനും മനുഷ്യന് അവസരം നൽകുന്നു. അതാണ് ആയുസ്സ്. സത്യത്തിന്റെയും ധർമത്തിന്റെയും ശത്രുക്കളായിരുന്ന എത്രയോ ആളുകൾ കാലക്രമത്തിൽ സത്യവിശ്വാസികളും ധർമത്തിന്റെ വക്താക്കളുമായി മാറുന്നു. ഇത് അല്ലാഹുവിന്റെ വലിയൊരു ഔദാര്യമാകുന്നു. ഈ ഔദാര്യമില്ലായിരുന്നുവെങ്കിൽ, മനുഷ്യനെ ഉടനടി പിടിച്ചു ശിക്ഷിക്കാൻ അവൻ തെറ്റു ചെയ്യുന്നതും കാത്തിരിക്കുന്നവനാണ് അല്ലാഹുവെങ്കിൽ മനുഷ്യവർഗത്തിന്റെ കഥ എന്നോ കഴിഞ്ഞുപോയിട്ടുണ്ടാകുമായിരുന്നു.

۞وَلَوْ يُعَجِّلُ ٱللَّهُ لِلنَّاسِ ٱلشَّرَّ ٱسْتِعْجَالَهُم بِٱلْخَيْرِ لَقُضِىَ إِلَيْهِمْ أَجَلُهُمْ ۖ
فَنَذَرُ ٱلَّذِينَ لَا يَرْجُونَ لِقَآءَنَا فِى طُغْيَٰنِهِمْ يَعْمَهُونَ ﴿١١﴾

(മനുഷ്യൻ ഇഹലോകത്ത് ഗുണമുണ്ടാവാൻ ധൃതിപ്പെടുന്നതുപോലെ അവർക്ക് ദോഷമുണ്ടാക്കാൻ അല്ലാഹു ധൃതിപ്പെടുകയാണെങ്കിൽ അവരുടെ പ്രവർത്തനാവധി എന്നോ അവസാനിച്ചിട്ടുണ്ടാകുമായിരുന്നു. എന്നാൽ നമ്മെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കാത്തവരെ നാം അവരുടെ ധിക്കാരത്തിൽ വിഹരിക്കാൻ അഴിച്ചു വിടുന്നു - 10:11). ഈ അഴിച്ചുവിടൽ കണ്ട് ആരും തങ്ങൾക്ക് മരണമില്ലെന്നോ മരിച്ചാൽ ഉയിർത്തെഴുന്നേൽപില്ലെന്നോ ഉയിർത്തെഴുന്നേൽപുണ്ടായാലും വിചാരണയും വിധിയുമില്ലെന്നോ കരുതി വഞ്ചിതരാവേണ്ട. അല്ലാഹു മനുഷ്യന്റെ കർമങ്ങളെല്ലാം ഒന്നൊഴിയാതെ രേഖപ്പെടുത്തി വെക്കുന്നുണ്ട്. ആ കർമ പുസ്തകത്തെ ആധാരമാക്കിയുള്ള കണിശമായ വിചാരണ എല്ലാവരും നേരിടേണ്ടി വരികതന്നെ ചെയ്യും. അന്ധവിശ്വാസികളും അധർമികളും ആത്മപരിശോധന നടത്താനും സ്വയം സംസ്കരിക്കാനും തയാറാകുന്നില്ലെങ്കിൽ അവർക്ക് അല്ലാഹു നൽകുന്ന അവസരം, ഭീകരമായ ഒരു നാളിലേക്കുണരാനുള്ള കാത്തിരിപ്പു മാത്രമായിത്തീരുന്നു. അന്നവർ പേടിച്ചരണ്ട് തുറിച്ച കണ്ണുകളുമായി വിചാരണ സഭയിലേക്ക് പാഞ്ഞടുക്കും.

وَلَا تَحْسَبَنَّ (നീ കരുതിപ്പോകരുത്) എന്ന് പ്രവാചകനെ സംബോധന ചെയ്യുന്നത് പ്രവാചകൻ(സ) അപ്രകാരം അല്ലാഹുവിനെ ശങ്കിച്ചിരുന്നതുകൊണ്ടോ ശങ്കിക്കാനിടയുള്ളതുകൊണ്ടോ അല്ല. അല്ലാഹുവിനെക്കുറിച്ച് യഥാർഥത്തിൽ അശ്രദ്ധയും അജ്ഞതയും ആരോപിച്ചിരുന്നത് അവിശ്വാസികളും ധിക്കാരികളുമായിരുന്നു. പ്രവാചകനെ സംബോധന ചെയ്തുകൊണ്ട് അവരുടെ ധാരണ അബദ്ധമാണെന്ന് ഉണർത്തുകയാണിവിടെ.

شَخَصَ യുടെ ഭാഷാർഥം 'പൊങ്ങി' എന്നാകുന്നു. ഇത് أبصار മായി ചേർന്നു വരുമ്പോൾ കണ്ണുതള്ളിപ്പോയി, തുറിച്ചു പോയി എന്നർഥമാകുന്നു. ഒരു ലക്ഷ്യത്തിലേക്ക് ഉന്മുഖനായി ധൃതിയിൽ സഞ്ചരിക്കുക എന്ന അർഥമുള്ള إهطاع ൽനിന്നുൽഭവിച്ച കർതൃപദമാണ് مُهْطِعِينَ. ശിരസ്സുയർത്തുന്നതിനും ശബ്ദമുയർത്തുന്നതിനും ഉപയോഗിക്കുന്ന പദമായ إقناع ൽ നിന്നുള്ളതാണ് مُقْنِعِي. ഇവിടെ ഉപയോഗിച്ചിട്ടുള്ളത് ശിരസ്സ് ഉയർത്തി മേലോട്ട് നോക്കിക്കൊണ്ട് എന്ന അർഥത്തിലാണ്. 'കണ്ണ് അവരിലേക്ക് മടങ്ങുന്നില്ല' എന്നാണ് لَا يَرْتَدُّ إِلَيْهِمْ طَرْفُهُمْ എന്ന വാക്യത്തിന്റെ അർഥം. പുറത്തേക്ക് തള്ളിപ്പോയ അവരുടെ കണ്ണുകൾ പൂർവ സ്ഥിതിയിലേക്ക് മടങ്ങുന്നില്ല എന്നാണ് ഉദ്ദേശ്യം. അത്രയും കടുത്തതാണ് അവരുടെ ഭയവിഭ്രാന്തികൾ എന്നർഥം. അന്തരീക്ഷം, വായു എന്ന അർഥത്തിലും ശൂന്യം, പൊള്ള എന്ന അർഥത്തിലും ഉപയോഗിക്കുന്ന പദമാണ് هَوَاءٌ. ഇവിടെ ഉദ്ദേശ്യം ശൂന്യതയാണ്. ഭയാധിക്യം മൂലം ചിന്താശേഷി നഷ്ടപ്പെട്ട അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. നമ്മൾ 'ഇതികർതവ്യതാമൂഢത' എന്നു പറയാറുള്ള അവസ്ഥ.

**44:** അതായത്, ഈ ദൈവികസന്ദേശം ജനങ്ങൾ സ്വീകരിച്ചാലും ഇല്ലെങ്കിലും പ്രബോധകർ ഇങ്ങനെയൊരു ദിനം വരുന്നുണ്ടെന്ന് ആളുകൾക്ക് മുന്നറിയിപ്പു നൽകിക്കൊണ്ടേയിരിക്കണം. അങ്ങനെ ജനങ്ങൾ ആ ദിനത്തെ വിജയകരമായി നേരിടാൻ വേണ്ട ഒരുക്കങ്ങൾ ചെയ്യട്ടെ. ദൈവികസന്ദേശം ചെവിക്കൊള്ളാനോ വിചാരണാ സഭയെ നേരിടാൻ ഒരുക്കങ്ങൾ ചെയ്യാനോ കൂട്ടാക്കാത്തവർ അന്നു വിലപിക്കേണ്ടി വരും: 'നാഥാ ഞങ്ങൾക്കിതാ യാഥാർഥ്യം മനസ്സിലായിരിക്കുന്നു. ഞങ്ങൾ വിശിഷ്ടമെന്ന് കരുതി സഞ്ചരിച്ച മാർഗം ദുഷ്ടമായിരുന്നുവെന്നും, സാർഥകമെന്നും സൗഭാഗ്യകരമെന്നും കരുതിയ ജീവിതം നിരർഥകവും ശിക്ഷാകരവുമായിരുന്നുവെന്നും ഇപ്പോൾ ബോധ്യപ്പെട്ടിരിക്കുന്നു. നാഥാ, ഞങ്ങൾക്ക് ഇഹലോകത്ത് ജീവിക്കാൻ ചെറിയൊരവസരവും കൂടി തരൂ. അപ്പോൾ തീർച്ചയായും ഞങ്ങൾ നിന്റെ പ്രവാചകന്മാർ പ്രബോധനം ചെയ്ത സന്ദേശങ്ങളിൽ സുദൃഢമായി വിശ്വസിച്ചുകൊള്ളാം. നിന്റെ ധർമശാസനകൾ അക്ഷരം പ്രതി അനുസരിച്ചുകൊള്ളാം.' പക്ഷേ, അവർക്കീ ബോധോദയമുണ്ടാകുന്നത് പശ്ചാത്താപത്തിന്റെയും തെറ്റുതിരുത്തലിന്റെയും സമയം പൂർണമായും കഴിഞ്ഞു പോയ ശേഷമാണ്. ഇനി പശ്ചാത്താപത്തിനോ സ്വയംസംസ്കരണത്തിനോ അവസരമില്ല. കർമവേദി പിന്നിട്ടശേഷം വരുന്ന കർമഫലവേദിയാണിത്. ഇങ്ങനെ ഒരു വേദിയോ ശിക്ഷയോ ഒന്നും ഒരിക്കലും ഉണ്ടാവില്ല എന്ന ഉറച്ച വിശ്വാസത്തിലായിരുന്നു കർമത്തിന്റെയും സംസ്കരണത്തിന്റെയും അവസരത്തിൽ ഇക്കൂട്ടർ. ജീവിതാവധി നീട്ടിത്തരേണമെന്നപേക്ഷിക്കുന്നവരെ അക്കാര്യം ഓർമിപ്പിച്ചുകൊണ്ട് ചോദിക്കുന്നു: ഇപ്പോൾ ദൈവിക സന്ദേശം സ്വീകരിക്കാനും പ്രവാചകന്മാരെ പിന്തുടർന്ന് ജീവിതം നയിക്കാനും വേണ്ടി ഭൗതിക ജീവിതത്തിന്റെ അവസരം ഒരൽപം നീട്ടിത്തരേണമെന്ന് കേഴുന്ന നിങ്ങൾ തന്നെയല്ലേ അതിനൊക്കെ വിശാലമായ അവസരം കൈവന്നകാലത്ത്, ദൈവത്തെ നിഷേധിക്കുകയും ദൈവദൂതന്മാരെ തള്ളിപ്പറയുകയും ചെയ്തുകൊണ്ട് നിങ്ങളനുഭവിച്ചുകൊണ്ടിരുന്ന സമൃദ്ധിയും പ്രതാപവും ഒരിക്കലും നഷ്ടപ്പെടാൻ പോകുന്നില്ല എന്ന് ആണയിട്ടു പറഞ്ഞു നടന്നിരുന്നത്?! ■